കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ചാവക്കാട് നഗരസഭ

# 2016-17

# ഓഡിറ്റ് റിപ്പോർട്ട്

## തൃശ്ശൂർ ജില്ലാ ഓഡിറ്റ് കാര്യാലയം

e-mail:dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ.(എം)1753/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ -680 020

ഫോൺ: 0487 2331249
Email: dotsr.ksad@kerala.gov.in
തീയതി: 19.12.2017

ജോയിന്റ് ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)
ചാവക്കാട് നഗരസഭ

സർ,

വിഷയം : ചാവക്കാട് നഗരസഭ – 2016-17സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ നഗരപാലികാ നിയമം 295(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചാവക്കാട് നഗരസഭയുടെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭയുടെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ നഗരസഭ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ മുനിസിപ്പാലിറ്റി പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ജോയിന്റ് ഡയറക്ടർ

<u>പകർപ്പ് :</u>

1) സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

3)റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ്, കൊച്ചി (ഉപരിപത്രം സഹിതം)

4)കാര്യാലയ പകർപ്പ്

നം കെ.എസ്.എ.ടി.എസ്.ആർ.(എം)1753/17 തിയ്യതി 19.12.17

<u>തൃശ്ശൂർ ജില്ലയിലെ ചാവക്കാട് നഗരസഭയുടെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.</u>

(1994 ലെ കേരളാ നഗരപാലികാ നിയമം- വകുപ്പ് 295(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ ചാവക്കാട് നഗരസഭയുടെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. നഗരസഭ 1.4.16 മുതൽ 31.3.17 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക് 2016-17 വർഷം വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവ പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ

നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. ബാലകൃഷ്ണൻ ഇ.ആർ., ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 01.06.2017മുതൽ 09.06.2017 വരെ (ചെലവ്) |
| | 06.11.2017 മുതൽ 15.11.2017 വരെ (വരവ്) |

| | | |
|---|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ (ചെലവ്) | എം.എൽ.അഗസ്റ്റിൻ | ഓഡിറ്റ് ഓഫീസർ |
| | ഷൈനി കൃഷ്ണദാസ് | അസി. ഓഡിറ്റ് ഓഫീസർ |
| | സുനിൽകുമാർ.കെ.സി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | നിജു.സി.എസ് | ഓഡിറ്റർ |
| വരവ് | എം.എൽ.അഗസ്റ്റിൻ, | ഓഡിറ്റ് ഓഫീസർ |
| | ഷൈനി കൃഷ്ണദാസ് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ (08.11.17 മുതൽ 09.11.17 വരെ) |
| | ജോമോൻ. ഇ.കെ. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |

നിർവ്വഹണ അധികാരികൾ

ചെയർമാൻ

| | |
|---|---|
| ശ്രീ.എൻ.കെ.അക്ബർ | 1-4-16 മുതൽ 31-3-17 വരെ |

സെക്രട്ടറി

| | |
|---|---|
| ശ്രീ.എം.കെ ഗിരീഷ് | 01.04.16 മുതൽ 31.03.17 വരെ |

മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥർ

| തസ്തിക | പേര് | കാലയളവ് |
|---|---|---|
| അസി. എക്സി. എഞ്ചിനീയർ, ചാവക്കാട് | ശ്രീ.സി.കെ ഉണ്ണികൃഷ്ണൻ | 01.04.16 മുതൽ 31.03.17 വരെ |
| സീനിയർ വെറ്ററിനറി സർജൻ | ഡോ.പി.പി.ചന്ദ്രശേഖരൻ | 01.04.16 മുതൽ 31.03.17 വരെ |
| അഗ്രിക്കൾച്ചറൽ ഫീൽഡ് ഓഫീസർ | ശ്രീ.ഉബൈദ് | 01.04.16 മുതൽ 31.10.16വരെ |
| | ശ്രീ. ജോഷിമോൻ | 01.11.16 മുതൽ 31.03.17വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി. സുബിത.എം.എ. | 01.04.16 മുതൽ 31.03.17വരെ |
| മെഡിക്കൽ ഓഫീസർ ഹോമിയോ | ഡോ.സി.പ്രഭാകരൻ | 01.04.16മുതൽ 31.03.17വരെ |
| ഹെഡ്മിസ്ട്രസ് ജി.എച്ച്.എസ് മണത്തല | ശ്രീമതി. സതി.ഒ.കെ. | 01.04.16മുതൽ 31.03.17വരെ |
| സൂപ്രണ്ട് താലൂക്ക് ഓഫീസ് ചാവക്കാട് | ശ്രീമതി.മിനിമോൾ.എ.എ. | 1.04.16 മുതൽ 31.03.17വരെ |
| പട്ടികജാതി വികസന ഓഫീസർ | ശ്രീമതി.സിനി.ടി.ഡി. | 01.04.16 മുതൽ 30.09.16 വരെ |
| | ഷെൽവിൻ ജോസഫ് പെരേര | 01.10.16 മുതൽ 31.03.17 വരെ |
| ഹെൽത്ത് ഇൻസ്പെക്ടർ, ചാവക്കാട് നഗരസഭ | ശ്രീ.സി.പി.ബഷീർ | 01.04.16 മുതൽ 31.10.16 വരെ |
| | ശ്രീ.സുരേഷ് ബാബു | 01.11.16 മുതൽ 02.02.17 വരെ |
| | ഒഴിവ് | 03.02.17 മുതൽ 06.02.17 വരെ |
| | ശ്രീ.സമിൽ ബാബു | 07.02.17 മുതൽ 31.03.17 വരെ |
| പ്രിൻസിപ്പാൾ, ജി.എച്ച്.എസ്.എസ് മണത്തല | ശ്രീമതി.മറിയക്കുട്ടി.പി.പി. | 01.04.16 മുതൽ 31.03.17 വരെ |
| മെമ്പർ സെക്രട്ടറി | ശ്രീമതി. ബിന്ദു. പി.ബി | 01.04.16 മുതൽ 31.03.17 വരെ |
| സബ്ബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | ശ്രീമതി ലിസ്സി ടി.വി | 01.04.16 മുതൽ 31.03.17 വരെ |

ഉള്ളടക്കം


| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| | ഭാഗം 1 | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം 2 | |
| 12 | തൊഴിൽ നികുതി - രജിസ്റ്ററും -വാർഷിക ധനകാര്യപത്രികയും പൊരുത്തപ്പെടുന്നില്ല. | 2-1 |
| 13 | വസ്തു നികുതി -സേവന ഉപനികുതി പിരിക്കുന്നില്ല. | 2-2 |
| 14 | പരസ്യനികുതി- കരാറുകാരൻ ലേലതുക അടവാക്കിയിട്ടില്ല | 2-3 |
| 15 | രസീത് പുസ്തകങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ - അപാകതകൾ | 2-4 |
| 16 | നഗരസഭ വാടക കെട്ടിടങ്ങൾ വാടകയ്ക്ക് എടുത്തവർ ഡി&ഒ ലൈസൻസ് എടുക്കാത്തതായി കാണുന്നു. | 2-5 |
| 17 | നഗരസഭ കടമുറികൾ വാടകകൊണ്ട വാടകക്കാരല്ല വ്യാപാരവും വ്യവസായവും നടത്തുന്നത്. | 2-6 |
| 18 | നഗരസഭ വാടക കെട്ടിടങ്ങൾ വാടകക്ക് എടുത്തവർ ദീർഘകാലമായി വാടക അടക്കാതെ വ്യാപരം നടത്തുന്നു. | 2-7 |
| | ഭാഗം 3 | |
| 19 | രജിസ്റ്ററുകളുടെ പരിപാലനം സംബന്ധിച്ച അപാകതകൾ | 3-1 |
| 20 | മുനിസിപ്പൽ എഞ്ചിനീയർ നടപ്പാക്കിയ പദ്ധതികളിലെ അപാകതകൾ | 3-2 |

| | | |
|---|---|---|
| 21 | ഹൈ മാസ്റ്റ് ലൈറ്റ് റിപ്പയറിംഗ് എ.എം.സി. - അപാകതകൾ | 3-3 |
| 22 | കമ്പ്യൂട്ടറുകൾക്കും അനുബന്ധ ഉപകരണങ്ങൾക്കും നിശ്ചിത രീതിയിലുള്ള സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. | 3-4 |
| 23 | ഭീമമായ കുടിവെള്ളക്കര കുടിശ്ശിക; 2011 ന ശേഷം നഗരസഭയും വാട്ടർ അതോറിറ്റിയും സംയുക്ത പരിശോധന നടത്തിയിട്ടില്ല | 3-5 |
| 24 | സ്ട്രീറ്റ് ലൈറ്റ് കറന്റ് ചാർജ് -കെ.എസ്.ഇ.ബി യുമായി സംയുക്ത പരിശോധന നടത്തിയിട്ടില്ല; മീറ്ററിംഗ് പൂർത്തിയാക്കിയിട്ടില്ല. | 3-6 |
| 25 | സമഗ്ര പച്ചക്കറി വികസന പദ്ധതി വേഗത്തിൽ പൂർത്തീകരിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. | 3-7 |
| 26 | എ.ബി.സി. പ്രോഗ്രാം - ജില്ലാപഞ്ചായത്ത് വിഹിതം - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. | 3-8 |
| 27 | എസ്.എസ്.എ. വിഹിതം – വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. | 3-9 |
| 28 | ഹെൽത്ത് ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ | 3-10 |
| 29 | പി.എം.എ.വൈ. പദ്ധതി – അപാകത | 3-11 |
| 30 | പ്രോജക്ട് ഓഫീസർ, നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ | 3-12 |
| 31 | സെക്രട്ടറി നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ | 3-13 |
| 32 | സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസിനായി ഇലക്ട്രിക്കൽ സ്പെയേഴ്സ് വാങ്ങിയത് – അപാകതകൾ | 3-14 |
| 33 | ദർഘാസിൽ വാറ്റ് ഉൾപ്പെടെ ക്വാട്ട് ചെയ്ത ഇനത്തിന് ബില്ലിൽ ടാക്സ് ഉൾപ്പെടുത്തി. സ്ഥാപനത്തിന് നഷ്ടം - 13737രൂപ. | 3-15 |
| | ഭാഗം 4 | |
| 34 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 35 | ഡെപ്പോസിറ്റ് വർക്കിന നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 36 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 37 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 38 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |

| | | |
|---|---|---|
| 39 | ഓഡിറ്റ് റിക്കവറി | 4-6 |
| 40 | ഓഡിറ്റ് പ്രത്യവലോകനം | 4-7 |
| 41 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-8 |
| 42 | അനുബന്ധം-1 ഓഡിറ്റ് സർട്ടിഫിക്കറ്റ് | |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 2.03.2016തിയതിയിലെ 1ാംനമ്പർ കൗൺസിൽ തീരുമാനപ്രകാരം അംഗീകരിച്ചു. പ്രതീക്ഷിത വരവ് 258952882 രൂപയും ചെലവ് 163191149രൂപയുമാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2017 | 10.8.2017 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം.

2016-17 വർഷത്തെ വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) വസ്തുനികുതി, തൊഴിൽനികുതി (ജീവനക്കാർ) എന്നിവയുടെ ഡി.സി.ബി. തയ്യാറാക്കിയിട്ടില്ല.

2) തൊഴിൽ നികുതി (ട്രേഡേഴ്സ്) ഡി.സി.ബി. യും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല.

3) സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

4) നാളിതുവരെയുള്ള ആസ്തി ബാദ്ധ്യതകൾ തിട്ടപ്പെടുത്തി വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

5) ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി 12 പ്രകാരം 2294875 രൂപ ഇൻവെസ്റ്റ്മെന്റ് ഉണ്ട്. ഇതു സംബന്ധിച്ച രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

6) ഓരോ ദിവസവും അവസാനത്തിൽ ക്യാഷ്ബുക്ക് സമ്മറി, ബാങ്ക് ബുക്ക് എന്നിവ പ്രിന്റ് എടുത്ത് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

7) റസീപ്റ്റ് & പേയ്മെന്റ് ഷെഡ്യൂൾ RP11 ലെ കോഡ് 220809900 ലെ മിസലിനിയസ് അഡ്മിനിസ്ട്രേഷൻ എക്സ്പെൻസിലെ 768023/-എന്നുള്ളതിന്റെ ഹെഡ് വൈസ് റിപ്പോർട്ടിൽ 757858/-രൂപയാണ്. 10165/- രൂപയുടെ വ്യത്യാസം വിശദീകരിക്കേണ്ടതാണ്.

8) വരവിനങ്ങളുടെ ഷെഡ്യൂൾ B15 പ്രകാരമുള്ള നീക്കിയിരിപ്പ് ബന്ധപ്പെട്ട ഇനങ്ങളുടെ ഡിസിബി തയ്യാറാക്കിയിട്ടില്ലാത്തതിനാൽ പരിശോധിക്കാൻ സാധിച്ചിട്ടില്ല.

9) ബാലൻസ് ഷീറ്റ്ഷെഡ്യൂൾ B15ലെ 9901, 9902 എന്നീ കോഡുകൾ പ്രകാരം കാണിച്ചിട്ടുള്ള തുകകൾ (യഥാക്രമം 3552462,9283313) ഏതിനം കുടിശ്ശികയാണെന്ന് ബോദ്ധ്യപ്പെടുത്തേണ്ടതാണ്.

10) നിർവ്വഹണ ഏജൻസികളിൽ ഡെപ്പോസിറ്റ് ചെയ്യുന്ന തുകകൾ ചെലവായി രേഖപ്പെടുത്തുന്നതിനാൽ വിനിയോഗ വിവരം ലഭിച്ചിട്ടില്ലാത്ത തുകകൾ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-18 ൽ ഉൾപ്പെടുന്നില്ല.

താഴെപറയുന്ന ബാങ്ക്ബുക്കുകൾ പരിശോധനക്ക് ഹാജരാക്കുകയോ, റികൺസീലിയേഷൻ നടത്തുകയോ ചെയ്തിട്ടില്ല.

| ക്രമ നമ്പർ | ബാങ്ക് അക്കൗണ്ട്സ് | റിമാർക്ക്സ് |
|---|---|---|
| 1 | 38980, SBI | റികൺസിലിയേഷൻ നടത്തിയിട്ടില്ല. |
| 2 | State bank of India (net banking) | പാസ്ബുക്ക് ഹാജരാക്കിയിട്ടില്ല. |
| 3 | ST-SB account -7 | റികൺസിലിയേഷൻ നടത്തിയിട്ടില്ല. പാസ്ബുക്ക് ഹാജരാക്കിയിട്ടില്ല. |
| 4 | GPG-903/1 | റികൺസിലിയേഷൻ നടത്തിയിട്ടില്ല. പാസ്ബുക്ക് ഹാജരാക്കിയിട്ടില്ല. |
| 5 | PNB-79139 | റികൺസിലിയേഷൻ നടത്തിയിട്ടില്ല. പാസ്ബുക്ക് ഹാജരാക്കിയിട്ടില്ല. |
| 6 | ICICI swatch Bharat | റികൺസിലിയേഷൻ നടത്തിയിട്ടില്ല. പാസ്ബുക്ക് ഹാജരാക്കിയിട്ടില്ല. |

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ഓഡിറ്റ് സർട്ടിഫിക്കറ്റ്, ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യ പത്രികയിലെ ഇൻകം & എക്സ്പെന്റിച്ചർ പത്രിക, റസീപ്റ്റ് &പേയ്മെന്റ് പത്രിക, ബാലൻസ് ഷീറ്റ് എന്നിവ അനുബന്ധമായി ഉൾപ്പെടുത്തിയിരിക്കുന്നു.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 92214571 |
| വരവ് | 155497545 |
| ആകെ | 247712116 |
| ചെലവ് | 156647293 |
| നീക്കിയിരിപ്പ് | 91064823 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷത്തെ അലോട്ട്മെന്റ് പ്രകാരമുള്ള വരവ് | ആകെ | ചെലവ് | ചെലവ് ശതമാനം | സഞ്ചിത നിധിയിലേക്ക് തിരികെ പോയ തുക |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 35716212 | 35716212 | 26758691 | 74.92 | 8957521 |

| | | | | | | |
|---|---|---|---|---|---|---|
| വികസനഫണ്ട് എസ്.സി.പി. | 0 | 8543373 | 8543373 | 7255380 | 84.92 | 1287993 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 15645669 | 15645669 | 9985898 | 63.82 | 5659771 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 8660838 | 8660838 | 6207371 | 71.67 | 2453467 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 46452328 | 46452328 | 29938760 | 64.45 | 16513568 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 8102507 | 8102507 | 6294602 | 77.68 | 1807905 |

# 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 159 | 130146168 | 105 | 86390702 | 52 | 2 | 66.37 |

# 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 0.92% വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 17893652 | 21409241 | (+)3515589 | (+)19.64 |
| നികുതിയേതരവരവുകൾ | 8068279 | 5142068 | (-)2926211 | (-)36.26 |
| മറ്റുവരവുകൾ | 3681870 | 4108954 | (-)427084 | (+)11.59 |
| ആകെ | 29643801 | 30660263 | 1016462 | (+)3.4 |

# 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| തൊഴിൽരഹിത വേതനം | 63120 | 63 |
| കർഷകതൊഴിലാളി പെൻഷൻ | 535860 | 163 |
| വിധവാപെൻഷൻ | 18432405 | 4768 |
| വാർദ്ധക്യകാലപെൻഷൻ | 27191735 | 9187 |
| വികലാംഗപെൻഷൻ | 3188485 | 911 |
| അവിവാഹിത പെൻഷൻ | 1417510 | 380 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15.11.2017 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ രൂപ 58622 ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

1. ഓഫീസ് ഓർഡർ പ്രകാരം എല്ലാ ജീവനക്കാർക്കും അവരവരുടെ ജോലി വിഭജിച്ച് നൽകിയിട്ടില്ല. ഓഫീസ് ഓർഡർ രജിസ്റ്റർ സൂക്ഷിക്കേണ്ടതും ചുമതലകൾ വിഭജിച്ച് നല്കേണ്ടതുമാണ്.
2. രജിസ്റ്ററുകളുടെ സൂക്ഷിപ്പിൽ കണ്ടെത്തിയ ചില അപാകതകൾ ചുവടെ ചേർക്കുന്നു.

1) മുനിസിപ്പാലിറ്റി ജീവനക്കാരുടേയും, കൈമാറിക്കിട്ടിയ ജീവനക്കാരുടെയും നിർവ്വഹണ ഉദ്യോഗസ്ഥരുടെയും പേരുകൾ, മേൽവിലാസം, കാലയളവ് തുടങ്ങിയ വിശദാംശങ്ങൾ രേഖപ്പെടുത്തി ഇൻക്യുമ്പൻസി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

2) ഓഡിറ്റ് റിക്കവറി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

3) കമ്പ്യൂട്ടറുകളുടേയും അനുബന്ധ ഉപകരണങ്ങളുടേയും സ്റ്റോക്ക് രജിസ്റ്റർ, 86/2010/fin തി. 24.09.2010 നം സർക്കുലറിൽ പറയുന്ന വിധത്തിൽ സൂക്ഷിച്ചിട്ടില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറൽ | 15/03/2016 മുതൽ 28/03/2016 വരെ<br>2/4/2016 മുതൽ 13/4/2016 വരെ | 2011- 12 മുതൽ 2014 - 15 വരെ | 11/5/2016 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽ നികുതി- രജിസ്റ്ററും-വാർഷിക ധനകാര്യപത്രികയും പൊരുത്തപ്പെടുന്നില്ല.

തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ രജിസ്റ്റർ പ്രകാരമുള്ള ഡി.സി.ബി.യും,വാർഷിക ധനകാര്യ പത്രികയും തമ്മിൽ പൊരുത്തപ്പെടുന്നില്ലെന്ന് കാണുന്നു.

തൊഴിൽ നികുതി

1) രജിസ്റ്റർ പ്രകാരമുള്ള ഡി.സി.ബി.

| | | | |
|---|---|---|---|
| തൊഴിൽ നികുതി<br>ട്രേഡേഴ്സ് ഇൻസ്റ്റിറ്റ്യൂഷൻ<br>പ്രൊഫഷണൽസ് | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
| | 1606230 | 1535580 | 70650 |
| കുടിശ്ശിക | 125840 | 101410 | 24430 |
| തൊഴിൽ നികുതി<br>എംപ്ലോയീസ് | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
| | 4017024 | 4017024 | - |

2) വാർഷിക ധനകാര്യ പത്രിക പ്രകാരം

| | | | |
|---|---|---|---|
| തൊഴിൽ നികുതി<br>ട്രേഡേഴ്സ് ഇൻസ്റ്റിറ്റ്യൂഷൻ<br>പ്രൊഫഷണൽസ് | 1606230 | 1470300 | 135930 |
| കുടിശ്ശിക | 352944 | 102310 | 250634 |
| തൊഴിൽ നികുതി<br>എംപ്ലോയീസ് | 3955002 | 3955002 | - |

രജിസ്റ്ററുകളും, വാർഷിക കണക്കുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

മേൽ പറഞ്ഞിരിക്കുന്ന പൊരുത്തക്കേടുകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടി പ്രകാരം പൊരുത്തക്കേടുകൾ പരിഹരിക്കുന്നതിന് കണക്കുകൾ പരിശോധിച്ച് നടപടി സ്വീകരിച്ചുവരുന്നുണ്ടെന്നറിയിച്ചിട്ടുണ്ട്.

ഡി.സി.ബി. രജിസ്റ്ററിൽ പെൻസിൽ ഉപയോഗിച്ചാണ് രേഖപ്പെടുത്തലുകൾ നടത്തിയിരിക്കുന്നത്. മാത്രമല്ല ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടുമില്ല. മേൽ പറഞ്ഞിരിക്കുന്ന അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-2 വസ്തു നികുതി -സേവന ഉപനികുതി പിരിക്കുന്നില്ല.

1994ലെ കേരള മുൻസിപ്പാലിറ്റീസ് ആക്റ്റ്, 2009ലെ ഭേദഗതി ആക്റ്റ് എന്നിവയിലെ 231, 233, 235 എന്നീ വകുപ്പുകൾ 14-1-11 തിയ്യതിയിലെ സ.ഉ നമ്പർ 18/11എന്നിവ പ്രകാരം വസ്തു നികുതിയോടൊപ്പം സേവന ഉപനികുതികൂടി ഈടാക്കാവുന്നതാണ്. വകുപ്പ് 235 പ്രകാരം ശുചിത്വ പരിപാലനം, ജലവിതരണം, തെരുവുവിളക്കുകൾ, ഡ്രെയിനേജ് എന്നീ സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. 18.03.17ലെ 9-ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരം 10% സേവന ഉപനികുതി പിരിക്കാമെന്ന് തീരുമാനിച്ചതിൽ നാളിതുവരെയായിട്ടും കൗൺസിൽ തീരുമാനം നടപ്പാക്കി കാണുന്നില്ല. ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| പേര്/വിലാസം | വിസ്തീർണം | നികുതി | ലൈബ്രറി സെസ്സ് | ഉപനികുതി |
|---|---|---|---|---|
| രാജേഷ് നെടിയേടത്ത് മണത്തല | 121 | 1210 | 61 | ഇല്ല |
| ഷാജിത കണ്ണൻ കോരൻ ചാവക്കാട് | 50.4 | 504 | 25 | ഇല്ല |
| സുരേഷ്ബാബു കളത്തിൽ വീട് മണത്തല | 53.5 | 536 | 27 | ഇല്ല |

## 2-3 പരസ്യനികുതി- കരാറുകാരൻ ലേലതുക അടവാക്കിയിട്ടില്ല

2016-17 സാമ്പത്തിക വർഷത്തിൽ നഗരസഭ പ്രദേശത്ത് നിന്നും പരസ്യ നികുതി പിരിക്കുന്നതിനുള്ള കരാർ നേടിയിരിക്കുന്ന ശ്രീ.സുധീരൻ, പട്ടരുപുരക്കൽ വീട്, മണത്തല ചാവക്കാട് എന്നവർ സമർപ്പിച്ച 1,01,000 രൂപയുടെ ടെണ്ടർ 21-3-16 തിയ്യതിയിലെ കൗൺസിൽ യോഗം അംഗീകരിച്ചിട്ടുള്ളതും കരാർ വെച്ചിട്ടുള്ളതുമാണ്. അതിൻ പ്രകാരം കരാർ തുകയുടെ മൂന്നിലൊരു ഭാഗമായ 33,667/- രൂപ 15-3-16 തിയ്യതിയിലെ റസീപ്റ്റ് നം.11501113828 പ്രകാരം അടവാക്കിയിട്ടുണ്ട് ബാക്കി തുകയായ 67333 രൂപ 2016 മെയ് മുതൽ സെപ്റ്റംബർ വരെയുള്ള അഞ്ച് മാസങ്ങൾക്കുള്ളിൽ അടവാക്കേണ്ടതായിരുന്നു. എന്നാൽ നാളിതുവരെയായി ആയത് അടവാക്കാതെ കുടിശ്ശികയാണ്. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടി പ്രകാരം ടിയാൻ കരാർ തുക മുഴുവൻ അടവാക്കാതെ കുടിശ്ശികയാക്കിയതുമായി ബന്ധപ്പെട്ട് റജിസ്റ്റേഡ് നോട്ടീസ് അയച്ചെങ്കിലും മേൽവിലാസക്കാരനെ കണ്ടെത്തിയില്ലാത്തതിനാൽ മടങ്ങിയെന്നാണ് അറിയിച്ചിരിക്കുന്നത്. നേരിട്ട് നടത്തിയ അന്വേഷണത്തിലും ടിയാനെ കണ്ടെത്താനായിട്ടില്ലെന്നും, കുടിശ്ശിക സംഖ്യ ഈടാക്കുന്നതിനായി റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ച് വരുന്നുണ്ടെന്നാണറിയിച്ചിരിക്കുന്നത്. മേൽനടപടികൾ എത്രയും വേഗത്തിൽ പൂർത്തീകരിച്ച് കുടിശ്ശിക സംഖ്യ എത്രയും വേഗത്തിൽ ഈടാക്കേണ്ടതാണ്. (12/9.11.17 നമ്പറിലുള്ള ഓഡിറ്റ് അന്വേഷണം). വാർഷിക ധനകാര്യ പത്രികയിൽ ലേല കുടിശ്ശിക സംബന്ധിച്ച വിശദാംശങ്ങൾ B-15 ഷെഡ്യൂളിൽ ചേർത്തിട്ടില്ല. ആയതിന് വിശദീകരണം നൽകേണ്ടതാണ്.

## 2-4 രസീത് പുസ്തകങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ- അപാകതകൾ

രസീത് പുസ്തകങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) 5-2-16 തിയ്യതിയിലെ ബിൽ നമ്പർ 1421 പ്രകാരം ലഭ്യമായ 100 രസീത് പുസ്തകങ്ങൾ മാസ്റ്റർ സ്റ്റോക്ക് രജിസ്റ്ററിന്റെ പേജ് നം.15-16ൽ വരവ് വെച്ചിട്ടുണ്ട്.

രസീത് പുസ്തകങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ 3-8-16 തിയ്യതി മുതൽ ടി പുസ്തകങ്ങൾ ഇഷ്യൂ ചെയ്തിട്ടുണ്ടെന്ന് കാണുന്നു. എന്നാൽ ഇത് മാസ്റ്റർ സ്റ്റോക്ക് രജിസ്റ്ററിൽ നിന്ന് ടി രജിസ്റ്ററിലേക്ക് വരവു വെക്കുകയോ മാസ്റ്റർ സ്റ്റോക്ക് രജിസ്റ്ററിൽ നിന്ന് ഇഷ്യൂ ചെയ്തതായി രേഖപ്പെടുത്തുകയോ

ചെയ്തിട്ടില്ല.

2) 3-8-16 തിയ്യതിയിലെ രശീതി പുസ്തകങ്ങളുടെ സ്റ്റോക്ക് രജിസ്റ്ററിൽ ഇഷ്യൂ ബാലൻസ് രേഖപ്പെടുത്തിയിരിക്കുന്നത് തെറ്റായ രീതിയിലാണ്. ഇഷ്യൂ ചെയ്തിരിക്കുന്ന രസീത് പുസ്തകത്തിന്റെ എണ്ണത്തെ സ്റ്റോക്കിൽ നിന്ന് കുറവ് ചെയ്ത് ബാലൻസ് രേഖപ്പെടുത്തുന്നതിന് പകരം പുസ്തകത്തിന്റെ നമ്പർ ആണ് രേഖപ്പെടുത്തിയിരിക്കുന്നത്. കൂടാതെ 3-8-16 തിയ്യതിയിൽ 100 എണ്ണം സ്റ്റോക്കിലെടുത്ത ശേഷം 4 പുസ്തകങ്ങൾ ഇഷ്യൂ ചെയ്തതിന്റെ ബാലൻസ് (100-4=96) 96 എന്നതിന് പകരം 97 എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. മാത്രമല്ല 20-2-17 തിയ്യതിയിൽ 87-ാം നമ്പർ പുസ്തകം ഇഷ്യൂ ചെയ്ത ശേഷം ബാലൻസ് 13 എന്നതിന് പകരം 14 എന്ന് കാണിച്ച്, തുടർന്ന് ബാലൻസ് രേഖപ്പെടുത്താതെയിരിക്കുന്നതായും ചെയ്തുകാണുന്നു.

3) 20-3-17തിയ്യതിയിൽ 100-ാം നമ്പർ രസീത് പുസ്തകം ഇഷ്യൂ ചെയ്തിരിക്കുന്നു എന്നാൽ ബാലൻസ് രേഖപ്പെടുത്താത്തതിനാൽ സ്റ്റോക്കിന്റെ കൃത്യത പരിശോധിക്കാൻ ഓഡിറ്റിന് സാധിച്ചിട്ടില്ല.

## 2-5 നഗരസഭ വാടക കെട്ടിടങ്ങൾ വാടകക്ക് എടുത്തവർ ഡി&ഒ ലൈസൻസ് എടുക്കാത്തതായി കാണുന്നു.

നഗരസഭയുടെ കടമുറികൾ വാടകകൊണ്ട താഴെ പറയുന്നവർ ലൈസൻസ് എടുക്കാത്തതായി രജിസ്റ്റർ പരിശോധനയിൽ കാണുന്നു. വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | വാടക കെട്ടിട നമ്പർ | വാടകകൊണ്ടവർ |
|---|---|---|
| 1 | 22/782(1) | സി.എൽ. ഫ്രാൻസിസ് |
| 2 | 22/782 | ജയരാജ്. കെ.എം |
| 3 | 22/785 | ഇ.പി. മുഹമ്മദ് കുട്ടി |
| 4 | 22/786 | പി.പി. ഗോപാലൻ |
| 5 | 22/788 | കെ.എം. ജയരാജ് |
| 6 | 22/799 | സിയദ് |
| 7 | 22/800 | അഷറഫ് |
| 8 | 22/801 | ഉപ്പത്ത് മുഹമ്മദുണ്ണി. |
| 9 | 22/802 | പി.സി. ഫ്രാൻസിസ് |
| 10 | 22/803 | വാസു ഭാര്യ ദേവകി |
| 11 | 22/804 | അഷറഫ് |
| 12 | 22/805 | പി.എൽ. കൊച്ചൗസേപ്പ് |
| 13 | 22/806 | എൻ.എസ്. സിദ്ധാർത്ഥൻ |
| 14 | 22/807 | ഇ.പി. മുഹമ്മദ്കുട്ടി |
| 15 | 22/808 | വി.കെ. ബാപ്പുട്ടി |
| 16 | 22/810 | പി.വി. ജോസ് |
| 17 | 22/820 | മുഹമ്മദ് അബ്ദുൾഖാദർ |
| 18 | 22/829 | നഫീസകുട്ടി തെരുവത്ത് വീട്ടിൽ |

| | | |
|---|---|---|
| 19 | 22/831 | നാറാണത്ത് ഉസ്മാൻ ഹാജി |
| 20 | 22/837 | നാറാണത്ത് ഉസ്മാൻ ഹാജി |
| 21 | 22/839 | കെ.ബി. കുഞ്ഞമ്പുബക്കർ |
| 22 | 22/840 | കെ.പി.ബഷീർ |
| 23 | 22/841 | കാർത്യായനി |
| 24 | 22/844 | പി.കെ.ദിവാകരൻ |
| 25 | 22/848 | പി.കെ.നാരായണൻ |
| 26 | 22/849 | വി.എ.അബ്ദുൾഖാദർ |
| 27 | 22/851 | ടി.പി.ഹംസ |
| 28 | 22/852 | പ്രസാദ് |
| 29 | 22/853 | നാറണത്ത് ഉസ്മാൻ |
| 30 | 22/854 | പി.ഇഫയിൽ |
| 31 | 22/899 | നാറണത്ത് ഉസ്മാൻ |
| 32 | 22/904 | എം.വി.ഖാദർമോൻ |
| 33 | 22/897 | അബു വലിയപിടിയക്കൽ |

ഈ കടമുറികളുടെ ഉപയോഗം പരിശോധിച്ച് ഡി & ഒ ലൈസൻസ് ആവശ്യമായുള്ളവയ്ക്ക് ലൈസൻസ് എടുപ്പിക്കുന്നതിനുള്ള നടപടികൾ നഗരസഭ കൈക്കൊള്ളേണ്ടതാണ്.

## 2-6 നഗരസഭ കടമുറികൾ വാടകകൊണ്ട വാടകക്കാരല്ല വ്യാപാരവും വ്യവസായവും നടത്തുന്നത്.

നഗരസഭ കടമുറികൾ വാടകക്ക് എടുത്തവരാണ് ടി കടമുറികളിൽ വ്യാപാരം നടത്തേണ്ടത്. നഗരസഭ ഇക്കാര്യം ഉറപ്പാക്കേണ്ടതാണ്. എന്നാൽ ഇതിന് വിപരീതമായി വാടകകൊണ്ടവർ അല്ല വ്യാപാരം നടത്തുന്നത് എന്ന് താഴെപറയുന്ന ഡി&ഒ ലൈസൻസ് രജിസ്റ്റർ പരിശോധനയിൽ നിന്നും വ്യക്തമാണ്. വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | വാടകമുറി നമ്പർ | വാടകകൊണ്ട വ്യക്തി | ഡി & ഒ ലൈസൻസ് കൈപ്പറ്റിയവർ |
|---|---|---|---|
| 1 | 22/781 | ഇ.പി. മൂസകുട്ടി | പി.എ.ഇബ്രാഹിം (ഗ്രോസറി വ്യാപാരം) |
| 2 | 22/813 | പി.കെ.അബൂബക്കർ | സബിത അയൂബ് |
| 3 | 22/825 | ഫസീല ഇസ്മയിൽ കൊമ്പത്തേയിൽ വീട് | എൻ. ഉസ്മാൻ നാരാണത്ത് |
| 4 | 22/845 | കെ.വി. മുഹമ്മദ് മുസ്തഫ കുപ്പം വീട്ടിൽ കണ്ണാത്ത് | കെ.വി. ഫാത്തിമ കണ്ണാത്ത് |

മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും, ഇക്കാര്യത്തിൽ നഗരസഭ സ്വീകരിച്ച

നടപടി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 2-7 നഗരസഭ കെട്ടിടങ്ങൾ വാടകക്ക് എടുത്തവർ ദീർഘകാലമായി വാടക അടക്കാതെ വ്യാപാരം നടത്തുന്നു.

കടമുറികൾ വാടകകൊണ്ടവരിൽ നിന്നും യഥാസമയം വാടക വസൂലാക്കാൻ നഗരസഭയുടെ ഭാഗത്തു നിന്ന് വീഴ്ച വന്നിരിക്കുന്നു. 323233 രൂപ തൻവർഷ കുടിശ്ശികയായി വാർഷിക ധനകാര്യ പത്രികയിൽ രേഖപ്പെടുത്തി കാണുന്നു.

| കടമുറികൾ | വാടകകൊണ്ടവർ | മാസവാടക (16-17) | മുടക്കം |
|---|---|---|---|
| 22/801 | മുഹമ്മദ് കുട്ടി | 464 | 12 |
| 22/804 | വി.വി. അഷറഫ് | 1158 | 12 |
| 22/802 | പി.സി. ഫ്രാൻസിസ് | 464 | 12 |
| 10/24A8 | കെ.പി. ഷാജഹാൻ | 1277 | 12 |
| 10/24A7 | കെ.പി. ധർമ്മേഷ് | 1277 | 12 |
| 10/24A9 | മുഹമ്മദ് ഷെമീർ | 1764 | 12 |
| 10/24A10 | മുഹമ്മദ് ഷെമീർ | 1764 | 12 |
| 7/16F | ബഷീർ പി.എ. | 3150 | 3 |

കുടിശ്ശിക ഈടാക്കാൻ കൈകൊണ്ട നടപടി ഓഡിറ്റിനെ അറിയിക്കുവാൻ ആവശ്യപ്പെട്ട അന്വേഷണത്തിന് (14.11.17ലെ അന്വേഷണ നമ്പർ 3) വാടക ഒടുക്കുന്നതിന് 15/11/17വരെ സമയം അനുവദിച്ച് നൽകിയിട്ടുണ്ട് എന്നും, അല്ലാത്തപക്ഷം കടമുറികൾ പൂട്ടി സീൽ ചെയ്ത് റിപ്പോർട്ട് സമർപ്പിക്കാൻ റവന്യൂ ഇൻസ്പെക്ടർക്ക് ഉത്തരവ് നൽകിയിട്ടുണ്ട് എന്നും സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 രജിസ്റ്ററുകളുടെ പരിപാലനം സംബന്ധിച്ച അപാകതകൾ

തെരുവു വിളക്കുകളുടെ പരാതി രജിസ്റ്ററിൽ എല്ലാ പരാതികൾക്കും തീയതി ചേർക്കുന്നില്ല. പരാതികൾ എല്ലാം തീർപ്പാക്കിയ വിവരമില്ല (16.10.2015, 19.1.2017, 25.1.2017, 2.3.2017)

ഗ്രാസ് കട്ടർ രജിസ്റ്ററിൽ ഇന്ധനം നിറച്ച വിവരം പൂർണ്ണമല്ല. 10.01.2017 വരെയുള്ള ഇഷ്യൂ വിവരം രേഖപ്പെടുത്തിയിട്ടുണ്ട്. (ഫയൽ നം എച്ച് 4716/16).

ചാവക്കാട് നഗരസഭയിലെ കുടിവെള്ളക്കരം സംബന്ധിച്ച ഡിമാന്റ് കണക്കാക്കുന്നതിനായി രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിയ്ക്കുന്നില്ല. 1/2016, 2/2016, 3/2016, 4/2016, 1/2017 എന്നീ മാസങ്ങളിൽ ബിൽ തുക, അടച്ച തീയതി, ഡി.ഡി. നമ്പർ എഴുതിയിട്ടില്ല. രജിസ്റ്ററിൽ എൻട്രികൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

പ്രോജക്റ്റ് നം.എസ്.163/2017 (900000 അടങ്കൽ) പ്രകാരം സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസിനായി ഇലക്ട്രിക്കൽ സ്പെയേഴ്സ് വാങ്ങിയത് സ്റ്റോക്കിലെടുത്തതിനൊപ്പം പെർഫോമൻസ് ഗ്യാരണ്ടി വിവരം ചേർത്തിട്ടില്ല. സ.ഉ. (സാധാ)നം. 2238/2016 ത സ്വ ഭ വ തീയതി 25.7.2016 ഉത്തരവ് പ്രകാരം സ്റ്റോക്ക് രജിസ്റ്ററിൽ വാങ്ങിയ സാധനങ്ങളുടെ വിവരം രേഖപ്പെടുത്തുന്നതിനോടൊപ്പം പെർഫോമൻസ് ഗ്യാരണ്ടി വിവരവും ചേർക്കേണ്ടതാണ്.

# 3-2 മുനിസിപ്പൽ എഞ്ചിനീയർ നടപ്പാക്കിയ പദ്ധതികളിലെ അപാകതകൾ

1. 2016-17സാമ്പത്തിക വർഷം72 പ്രോജക്ടുകൾ അംഗീകരിച്ചതിൽ 31 പ്രോജക്ടുകൾ പൂർത്തീകരിക്കുകയും 16-17വർഷത്തിലേക്ക് സ്പിൽ ഓവറായ 19പ്രോജക്ടുകളിൽ 17 എണ്ണം പൂർത്തീകരിക്കുകയും ചെയ്തു. 2 പ്രോജക്ടുകൾ ഉപേക്ഷിച്ചിട്ടുണ്ട്. 41 പ്രോജക്ടുകൾ വർഷാവസാനം പൂർത്തിയാക്കിയിട്ടില്ല.
2. കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിൽ മരാമത്ത് പ്രവൃത്തികൾ നടത്തുന്നത് സ്ഥാപന മേധാവികളുടെ സ.ഉ.(എം.എസ്.)നം.4/16/തസ്വഭവ 11.01.16ന്റെ അനുബന്ധം10 പ്രകാരമുള്ള നിർദ്ദേശം മാനിച്ചായിരിക്കണം. എന്നാൽ അത്തരം നിർദ്ദേശം ഫയലിൽ കാണുന്നില്ല.(ഫയൽ നം.8891/16,5936/15 ). ആസ്തി സംരക്ഷണ പരിപാലന പദ്ധതികൾ വിഭാവനം ചെയ്യുമ്പോൾ "പ്രത്യേക മെയിൻറനൻസ് പ്ലാൻ" തയ്യാറാക്കി ആവശ്യകത നിർണ്ണയിച്ച് ഫണ്ട് വകയിരുത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.
3. മരാമത്ത് പ്രവർത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ പ്രിമെഷർമെന്റ് നിർദ്ദേശങ്ങൾ പാലിക്കപ്പെടണം. ഡീരത്ത റോഡ് കോൺക്രീറ്റിംങ് (ഫയൽ നം. E1-4700/8995/16) എന്ന പ്രവൃത്തിക്കുവേണ്ടി രണ്ടുഘട്ടമായി ടെണ്ടർ വിളിക്കുകയും പ്രവൃത്തി നടത്തുകയും ചെയ്തു. ഒറ്റ ടെണ്ടറായി മാത്രം ചെയ്യാൻ കഴിയുന്ന പ്രവൃത്തി രണ്ടുഘട്ടമായി വിഭജിച്ച് ടെണ്ടർ നടത്തി പ്രവൃത്തി ഏല്പിച്ചുകൊടുക്കുന്ന സാഹചര്യം ഒഴിവാക്കേണ്ടതാണ്.
4. സ.ഉ.(എം.എസ്.)നം.4/16/തസ്വഭവ 11.01.16ലെ ഖണ്ഡിക 22(1) പ്രകാരം പ്രോജക്ട് മോണിറ്ററിംങ് അതാത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കുകയും പദ്ധതി രൂപീകരണ വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് റിപ്പോർട്ട് ഹാജരാക്കേണ്ടതുമാണ്. ഈ റിപ്പോർട്ട് പരിഗണിക്കാതെ 2016-17വർഷം പ്രോജക്ടുകൾക്ക് നിർവ്വഹണ ഉദ്യോഗസ്ഥനും സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാനും പ്രോജക്റ്റ് മോണിറ്ററിംഗ് നിർവ്വഹിക്കുന്നത് ആശാവഹമായി കരുതുന്നില്ല.
5. അസി. എക്സി. എൻജിനിയറുടെ പേരിലുള്ള SBI 67283699518 എന്ന അക്കൗണ്ടിൽ ഇ-ടെണ്ടർ വഴി ലഭിച്ച 1,89,350/- രൂപ 10-4-17 വരെ നീക്കിയിരിപ്പുണ്ട്. 8/6/17 ലെ 9-ാം നമ്പർ എൻക്വയറിയുടെ അടിസ്ഥാനത്തിൽ അന്നേ ദിവസം തന്നെ 1,84,000/-രൂപ മുനിസിപ്പൽ ഫണ്ടിൽ ട്രാൻസ്ഫർ ചെയ്തതായി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ മറുപടി നൽകിയിട്ടുണ്ട്. കാലതാമസം ഒഴിവാക്കുന്നതിന് മേലിൽ ശ്രദ്ധിക്കേണ്ടതാണ്.

## 3-3 ഹൈ മാസ്റ്റ് ലൈറ്റ് റിപ്പയറിംഗ് എ.എം.സി.-അപാകതകൾ

എഗ്രിമെന്റ് നം. 5/15-16 പ്രകാരം തീയതി 28.1.2016 ന് ഇറാൻ അസോസിയേറ്റ്സ് എന്ന സ്ഥാപനവുമായി ഹൈ മാസ്റ്റ് ലൈറ്റ് റിപ്പയറിംഗ് (9 എണ്ണം) എ.എം.സിയ്ക്കായി ഒരു വർഷത്തേക്ക് കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. എന്നാൽ കരാറിനുള്ള മുദ്രപത്രം ഇഷ്യൂ ചെയ്തിരിക്കുന്ന തീയതി 18.2.2016 ആണ്. (സബ് ട്രഷറി, തിരൂർ). മുദ്രപത്രം ഇഷ്യൂ ചെയ്യുന്നതിനു മുൻപ് കരാർ ചമച്ചതിലെ വൈരുദ്ധ്യത്തിന് വിശദീകരണം നൽകേണ്ടതാണ്.

25.7.2016 ന് ചാവക്കാട് ജംഗ്ഷൻ, മുതുവട്ടൂർ ജംഗ്ഷൻ എന്നിവിടങ്ങളിലെ ഹൈമാസ്റ്റ് ലൈറ്റുകൾ പ്രവർത്തിക്കാത്തതിന് മേൽ സ്ഥാപനത്തിന് ഫോൺ മുഖേനയും 30.7.2016 ന് നോട്ടീസ് മുഖേനയും നഗരസഭ പരാതി നൽകുകയുണ്ടായി. 15.8.2016 ൽ വാർഡ് കൗൺസിലർ നൽകിയ പ്രവൃത്തി പൂർത്തീകരിച്ചതായ സാക്ഷ്യപത്ര പ്രകാരം ഈ രണ്ട് വിളക്കുകൾ അറ്റകുറ്റപ്പണികൾ ചെയ്ത വിവരം ലഭ്യമായെങ്കിലും ഇതു സംബന്ധിച്ച വിവരങ്ങൾ പരാതി രജിസ്റ്ററിലോ റിപ്പയറിംഗ് ബിൽ രജിസ്റ്ററിലോ ചേർക്കാത്തതിനാൽ (റിപ്പയറിംഗിന്റെ വിശദാംശങ്ങൾ എഴുതുന്നില്ല) ആയതിന്റെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

കരാർ കാലാവധിക്കു ശേഷം എ.എം.സി. ഇതേ സ്ഥാപനത്തിനു ടെണ്ടർ മാനദണ്ഡങ്ങൾ പാലിക്കാതെ ഇതേ തുകയ്ക്ക് കരാർ പുതുക്കി നൽകുകയുണ്ടായി. കരാറിൽ കരാർ തീയതി എഴുതുകയോ ഇ.എം.ഡി. അടവാക്കുകയോ ചെയ്തിട്ടില്ല. പരാതി രജിസ്റ്ററിൽ 19.1.2017 ൽ വാർഡ് നം. 22, 24, 20 എന്നിവിടങ്ങളിലെ ഹൈ മാസ്റ്റിന്റെ പരാതി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും തീർപ്പാക്കിയ വിവരം ലഭ്യമാക്കിയിട്ടില്ല. മേൽപ്പറഞ്ഞ അപാകതകൾക്ക് ഓഡിറ്റ് എൻക്വയറി (നം 8/7.6.2017) നൽകിയതിന് മറുപടി ലഭ്യമാക്കിയെങ്കിലും വിശദീകരണം തൃപ്തികരമല്ല.

## 3-4 കമ്പ്യൂട്ടറുകൾക്കും അനുബന്ധ ഉപകരണങ്ങൾക്കും നിശ്ചിത രീതിയിലുള്ള സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

ഫിനാൻസ് (ഇൻഫർമേഷൻ ടെക്നോളജി - സോഫ്റ്റ് വെയർ ) വകുപ്പിന്റെ 24.9.2010 ലെ സർക്കുലർ നമ്പർ 86/2010/ഫിൻ പ്രകാരം സർക്കാർ വകുപ്പുകളിൽ കമ്പ്യൂട്ടർ ഹാർഡ്‌വെയറിന്റെയും സോഫ്റ്റ് വെയറിന്റെയും പ്രത്യേകം പ്രത്യേകം രജിസ്റ്ററുകൾ സൂക്ഷിക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. ആയതിന്റെ പ്രഫോർമയും സർക്കുലറിനോടൊപ്പമുണ്ട്. എന്നാൽ ഇത്തരത്തിലുള്ള സ്റ്റോക്ക് രജിസ്റ്ററുകൾ നഗരസഭ സൂക്ഷിക്കുന്നില്ല. മേൽ പരാമർശിച്ച സർക്കുലറിലെ നിർദ്ദേശങ്ങൾക്കനുസരിച്ച് സ്റ്റോക്ക് രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതാണ്.

## 3-5 ഭീമമായ കുടിവെള്ളക്കരകുടിശ്ശിക; 2011 നു ശേഷം നഗരസഭയും വാട്ടർ അതോറിറ്റിയും സംയുക്ത പരിശോധന നടത്തിയിട്ടില്ല

ഫയൽ നം-ഇ3-7253/14, ഇ1-4416/07 (ജോയിന്റ് വെരിഫിക്കേഷൻ ഫയൽ)

ചാവക്കാട് നഗരസഭയിലെ കുടിവെള്ളക്കരം കണക്കാക്കുന്നതിന് ഡിമാന്റ് കണക്കാക്കുന്നതിനായി രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിയ്ക്കുന്നില്ല.1/2016, 2/2016, 3/2016, 4/2016, 1/2017 എന്നീ മാസങ്ങളിൽ ബിൽ തുക, അടച്ച തീയതി, ഡി.ഡി.നം. എഴുതിയിട്ടില്ല. രജിസ്റ്ററിൽ എൻട്രികൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. മേല്പറഞ്ഞ ഫയൽ പരിശോധിച്ചതിൽ നിന്നും നഗരസഭയും വാട്ടർ

അതോറിറ്റിയും 25.3.2011 ൽ സംയുക്ത പരിശോധന നടത്തിയതിൽ 114 ടാപ്പുകൾ ഉപയോഗശൂന്യമാണെന്ന് കണ്ടെത്തിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. 26.05.11ൽ സംയുക്ത പരിശോധന നടത്തിയതായും 114 ടാപ്പുകൾ ഉപയോഗശൂന്യമാണെന്നും 2014-15 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. 1.11.2011 മുതൽ ആകെയുള്ള 352 ടാപ്പുകളിൽ നിന്ന് ഇവ കുറവു ചെയ്തതിനു ശേഷമുള്ള 238 ടാപ്പുകളുടെ വെള്ളക്കരമിനത്തിലുള്ള തുകയല്ല വാട്ടർഅതോറിറ്റി ഡിമാന്റ് ചെയ്തു വരുന്നത്.

നഗരസഭയിൽ 2016-17 വർഷം 238 എണ്ണം വാട്ടർ ടാപ്പുകൾക്കാണ് വാട്ടർ അതോറിറ്റിയിൽ വെള്ളക്കരമടച്ചിട്ടുള്ളത്. 238x7884/12=156366/- രൂപയാണ് മാസം തോറും അടച്ചു വരുന്നത്. എന്നാൽ കെ.ഡബ്ളിയു.എ. യുടെ വാട്ടർ ചാർജ്ജ് ബില്ലിൽ ഓരോ മാസവും ഡിമാന്റ് ചെയ്തു വരുന്ന തുക 352 പൈപ്പുകൾക്ക് 7884 രൂപ വീതം 231264/- രൂപയാണ്. 22.11.2016ലെ കെ.ഡബ്ളിയു.എ. അസി.എഞ്ചിനിയറുടെ A2 5375/09 നമ്പർ കത്തിലാണ് ടാപ്പുകളുടെ എണ്ണം 352 ആയി പറഞ്ഞിട്ടുള്ളത്. 31.10.2011ലെ ജോയിന്റ് വെരിഫിക്കേഷൻ റിപ്പോർട്ട്, പുതുതായി ജോയിന്റ് വെരിഫിക്കേഷൻ നടത്തുന്നതിന് അപേക്ഷിക്കാനുള്ള പ്രൊഫോർമ, കത്തിനൊപ്പം ഫയൽ ചെയ്തിട്ടുണ്ട്. ജോയിന്റ് വെരിഫിക്കേഷൻ റിപ്പോർട്ടിൽ 114 ഓളം ടാപ്പുകൾ പ്രവർത്തന രഹിതമാണെന്ന് പറയുന്നില്ല. എന്നാൽ സംയുക്ത പരിശോധനയ്ക്കായി വാട്ടർ അതോറിറ്റിക്ക് 01/2017 ൽ നഗരസഭയിൽ നിന്നു അനക്സ്ചർ II പ്രൊഫോർമയടക്കം കത്തയച്ചിട്ടുണ്ട്. 114 ഓളം ടാപ്പുകൾ പ്രവർത്തന രഹിതമാണെന്ന് കത്തിൽ പറയുന്നു. എന്നാൽ പിന്നീട് വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി ടാപ്പുകളുടെ എണ്ണം നിജപ്പെടുത്തിയിട്ടില്ല.

2017-18ൽ ഏറ്റവും അവസാനം ലഭിച്ച ബില്ലിൽ (12.5.2017ലെ 2110/LSG 1 നം.) 20196374 രൂപ കുടിശ്ശികയായും 396040 രൂപ 2% ഫൈൻ ആയും (തൻമാസ ഡിമാന്റടക്കം 2,08,23,678/- ) അടക്കേണ്ട തുകയായി കാണിച്ചിട്ടുണ്ട്. വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തേണ്ടതാണ്. വെള്ളക്കരം മുൻകാല പ്രാബല്യത്തോടെ നിജപ്പെടുത്തുകയും കുടിശ്ശിക അദാലത്തുകളിലൂടെ ക്രമീകരിക്കുകയും വേണ്ടതാണ്.

## **3-6** സ്ട്രീറ്റ് ലൈറ്റ് കറന്റ് ചാർജ് -സംസ്ഥാന വൈദ്യുതി ബോർഡുമായി സംയുക്ത പരിശോധന നടത്തിയിട്ടില്ല;മീറ്ററിംഗ് പൂർത്തിയാക്കിയിട്ടില്ല

ചാവക്കാട് നഗരസഭാ പരിധിയിലുള്ള 32 വാർഡുകളിൽ സ്ഥിതി ചെയ്യുന്ന സ്ട്രീറ്റ് ലൈറ്റുകളുടെ വൈദ്യുതി ചാർജിനത്തിൽ വലിയൊരു തുക മുനിസിപ്പാലിറ്റിയുടെ തനതു ഫണ്ടിൽ നിന്ന് വർഷം തോറും ചെലവു ചെയ്യുന്നുണ്ട്. സ്ട്രീറ്റ് ബൾബുകൾ എത്ര എണ്ണം പ്രവർത്തിക്കുന്നുണ്ട് എന്നത് സംബന്ധിച്ച് വിവരങ്ങൾ ലഭ്യമല്ല. ഇതു സംബന്ധിച്ച് കെ.എസ്.ഇ.ബിയുമായി സംയുക്ത പരിശോധന നടത്തിയിട്ടില്ല.

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ ചാവക്കാട് സെക്ഷനിലുള്ള നഗരസഭയുടെ കൺസ്യൂമർ നം:1156987012060ലെ തെരുവ് വിളക്കുകളുടെ (അൺമീറ്റേഡ്) വൈദ്യുത ചാർജ് കുടിശ്ശികയടക്കമുള്ള 1296823/- രൂപ 27.5.2017 ൽ കെ.എസ്.ഇ.ബി കത്തു മുഖേന 5 തവണകളായി 27.9.2017നകം അടക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്.അതിൽ 2.5.2017 ൽ വന്ന ബില്ലിലെ എനർജി ചാർജ്ജ് ആയ 16951/- രൂപയും 26.5.2017 ലെ 1797786 ചെക്ക് പ്രകാരം 400000 രൂപയും അടച്ചിട്ടുണ്ട്. അടവാക്കിയ 4,00,000/- രൂപ കണക്കാക്കാതെയാണ് കെ.എസ്.ഇ.ബി. 1296823/- രൂപ കുടിശ്ശിക അടവാക്കാൻ ആവശ്യപ്പെട്ടിട്ടുള്ളത്. യഥാർത്ഥത്തിൽ 896823 രൂപയും അഡീഷണൽ

സർചാർജ്ജുമാണ് ഇനിയും അടവാക്കാനുള്ളത്. നഗരസഭയിലെ തെരുവുവിളക്കുകൾക്ക് മീറ്ററിംഗ് സമ്പ്രദായം 2013-14 പദ്ധതി പ്രകാരം കെ.എസ്.ഇ.ബി യിൽ തുക ഡെപ്പോസിറ്റ് ചെയ്തിരിന്നിട്ടും ഇതു വരെ മീറ്ററിംഗ് പൂർത്തീകരിച്ചിട്ടില്ല .മീറ്ററിംഗ് പൂർത്തീകരിക്കാനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതും, കുടിശ്ശിക തുകയുടെ കൃത്യത ഉറപ്പുവരുത്തേണ്ടതുമാണ്.

## 3-7 സമഗ്ര പച്ചക്കറി വികസന പദ്ധതി വേഗത്തിൽ പൂർത്തീകരിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

പ്രൊജക്ട് നമ്പർ – 132/2017

അടങ്കൽ – 640000

ചെലവ് – 624000

ബിൽ നമ്പർ – 4/2016-17

നിർവ്വഹണ ഉദ്യോഗസ്ഥൻ – അഗ്രിക്കൾച്ചറൽ ഫീൽഡ് ഓഫീസർ

2016-17സാമ്പത്തിക വർഷത്തിൽ അഗ്രിക്കൾച്ചറൽ ഫീൽഡ് ഓഫീസർ നടപ്പിലാക്കിയ സമഗ്ര പച്ചക്കറി വികസനം എന്ന പദ്ധതിയിൽ 1600 ഗുണഭോക്താക്കൾക്ക് ഗ്രോബാഗ്, ജൈവവളം, പച്ചക്കറി വിത്തുകൾ എന്നിവ നൽകാനാണ് പദ്ധതി ലക്ഷ്യമിട്ടിരുന്നത്. 1109 ഗുണഭോക്താക്കൾക്കാണ് നാളിതുവരെയായി ഗ്രോബാഗ്, ജൈവവളം, പച്ചക്കറി വിത്തുകൾ എന്നിവ നല്കാൻ കഴിഞ്ഞിട്ടുള്ളത്. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന്, പദ്ധതി പൂർത്തീകരിച്ച് വരുന്നു എന്നും ഓരോ വാർഡിൽ നിന്നും ലഭിക്കുന്ന ഗുണഭോക്താക്കളുടെ ലിസ്റ്റ് അനുസരിച്ച് വിതരണം നടത്തിക്കൊണ്ടിരിക്കുന്നു എന്നുമാണ് മറുപടി നല്കിയിരിക്കുന്നത്.

പദ്ധതി വേഗത്തിൽ പൂർത്തീകരിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. പൂർത്തീകരിച്ച വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 3-8 എ ബി സി പ്രോഗ്രാം - ജില്ലാപഞ്ചായത്ത് വിഹിതം - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

പ്രൊജക്ട് നമ്പർ – 133/2017

അടങ്കൽ – 100000

ചെലവ് – 100000

ബിൽ നമ്പർ – 4/2016-17 തിയ്യതി 14-03-2017

നിർവ്വഹണ ഉദ്യോഗസ്ഥൻ – വെറ്ററിനറി സർജൻ

2016-17 സാമ്പത്തിക വർഷത്തിൽ ജില്ലാ പഞ്ചായത്ത് നടപ്പിലാക്കുന്ന എ.ബി.സി. പ്രോഗ്രാമിന് നഗരസഭ വിഹിതം 100000 രൂപ ബിൽ നമ്പർ 4/2016-17 തീയ്യതി 14-03-2017 പ്രകാരം ജില്ലാപഞ്ചായത്തിന് കൈമാറിയിട്ടുണ്ട്. എന്നാൽ ഈ പദ്ധതി നടപ്പിലാക്കിയതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് വിനിയോഗ സാക്ഷ്യപത്രം ജില്ലാപഞ്ചായത്തിൽ നിന്ന് ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കാം എന്നാണ് മറുപടി ലഭിച്ചത്. ജില്ലാപഞ്ചായത്തിൽ നിന്ന് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്നതുവരെ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 3-9 എസ് എസ് എ വിഹിതം വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

പ്രൊജക്ട് നമ്പർ – 39/2017

അടങ്കൽ – 1500000

ചെലവ് – 1500000

ബിൽ നമ്പർ – 2/2016-17 തിയ്യതി 14-12-2016

നിർവ്വഹണ ഉദ്യോഗസ്ഥൻ – ഹെഡ് മാസ്റ്റർ

2016-17 സാമ്പത്തിക വർഷത്തിൽ ഹെഡ് മാസ്റ്റർ നടപ്പിലാക്കിയ പദ്ധതിയിൽ എസ്.എസ്.എ. വിഹിതം 15,00,000/- രൂപ ബിൽ നമ്പർ 2/2016-17 തീയ്യതി 14-02-2017 പ്രകാരം പിൻവലിച്ച് 387997/14.12.2016 ഡി.ഡി. പ്രകാരം ജില്ലാ പ്രൊജക്ട് ഓഫീസർ എസ്.എസ്.എ.യ്ക്ക് കൈമാറിയിട്ടുണ്ട്. 05.01.2017 ൽ തുക കൈപ്പറ്റിയിട്ടുണ്ട്. തുക വിനിയോഗിച്ചതിന്റെ വിവരങ്ങളോ വിനിയോഗ സാക്ഷ്യപത്രമോ ലഭ്യമാക്കിയിട്ടില്ല. ജില്ലാ പ്രൊജക്ട് ഓഫീസർ എസ്.എസ്.എ.യിൽ നിന്ന് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതുവരെ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 3-10 ഹെൽത്ത് ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ

ഹെൽത്ത് ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികളിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

I. ചാവക്കാട് നഗരസഭ സ്കൂളുകളിലേക്ക് സാനിറ്ററി നാപ്കിൻ വിതരണം

പ്രോജക്ട് നമ്പർ – 135/17

അടങ്കൽ – ₹200000/- (ധനകാര്യ കമ്മീഷൻ അവാർഡ്)

ബിൽ നമ്പർ – H-8678/16 തി . 31.1.17 തുക ₹91000/-

കേരള സംസ്ഥാന വനിത വികസന കോർപ്പറേഷൻ ആവിഷ്കരിച്ച 'ഷീ പാഡ്' എന്ന പദ്ധതി, നഗരസഭയുടെ വാർഷിക പദ്ധതിയിലെ വനിതാ ഘടക പദ്ധതിയിൽ വകയിരുത്തി

നടപ്പിലാക്കിയിരുന്നു. പദ്ധതി നടത്തിപ്പിനായി ആവശ്യമായി വരുന്ന തുകയുടെ 50 % വനിതാ വികസന കോർപ്പറേഷന് മുൻകൂർ നൽകുന്നതിനും , ഈ തുകയുടെ വിനിയോഗ സർട്ടിഫിക്കറ്റ് ലഭിച്ചതിനുശേഷം ബാക്കി തുക അനുവദിക്കുന്നതിനുമാണ് സർക്കാർ ഉത്തരവിൽ ( സ.ഉ( സാധാ) നം. 280/16 തസ്വ ഭ വ തി. 25.1.16)നിർദ്ദേശിച്ചിട്ടുള്ളത്.

മേൽ അടിസ്ഥാനത്തിൽ പദ്ധതി തുകയുടെ 50 % തുക സ്ഥാപനത്തിന് കൈമാറിയിട്ടുണ്ട്. എന്നാൽ നാളിതുവരെയായി സാധനസാമഗ്രികൾ സപ്ലൈ ചെയ്തിട്ടില്ല.

പദ്ധതി നടത്തിപ്പിനായി നഗരസഭ പരിധിയിലെ സ്കൂളുകളിൽ നിന്നും സ്കൂൾ അധികൃതർ ഹാജരാക്കിയ വിദ്യാർത്ഥികളുടെ എണ്ണം ഉൾപ്പെടുന്ന വിവരങ്ങൾ നഗരസഭ വഴി സ്ഥാപനത്തിന് കൈമാറിയിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ എഗ്രിമെന്റ് തുകയുടെ 50% മാണ് സ്ഥാപനത്തിന് അഡ്വാൻസായി കൈമാറിയതെങ്കിലും പിന്നീട് യൂണിറ്റ് വിലയിൽ മാറ്റം വരുത്തി എഗ്രിമെന്റ് നിരക്ക് പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. (തുക 174695) ഇത് പ്രകാരം സ്ഥാപനത്തിന് കൈമാറിയ തുക അധികമാണ്. എന്നാൽ സ്ഥാപനം ഹാജരാക്കിയ കരാറുകൾ ഒപ്പ് വെച്ച് ആധികാരികമായി രേഖയാക്കിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി നം. 2/05.06.17).

വനിതാ വികസന കോർപ്പറേഷനിൽ നിന്നും പദ്ധതി പ്രകാരമുള്ള സാധനസാമഗ്രികൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

II. ഭിന്നശേഷിയുള്ളവർക്ക് സൈഡ് വീലോട്കൂടിയ സ്കൂട്ടർ

പ്രോജക്ട് നം. – 18/17

ബിൽ നം. - H -8716/16 തി. 27.3.17 തുക 592650

പദ്ധതി പ്രകാരം 9 ഗുണഭോക്താക്കൾക്കാണ് വാഹനം നൽകിയിരിക്കുന്നത്. ടെണ്ടർ നടപടികളിലൂടെ Mak India Automobiles Pvt. Ltd, പെരിന്തൽമണ്ണ എന്ന സ്ഥാപനത്തിൽ നിന്നാണ് വാഹനം വാങ്ങിയിരിക്കുന്നത്. ഗുണഭോക്താക്കളുടെ ലൈസൻസ് എടുത്തതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. കൂടാതെ കരിംഷാ, വെളിയംകോട്, തിരുവത്ര എന്ന ഗുണഭോക്താവ് ടിയാന്റെ പേരിൽ വാഹനം രജിസ്റ്റർ ചെയ്തതിന്റെ രേഖകളും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 3-11 പി.എം.എ.വൈ പദ്ധതി -അപാകത

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

പി.എം.എ.വൈ (പ്രധാൻ മന്ത്രി ആവാസ് യോജന) പദ്ധതിയുടെ ഭാഗമായി 2016-17 സാമ്പത്തിക വർഷത്തിൽ 189 ഗുണഭോക്താക്കൾക്കാണ് ആനുകൂല്യം നൽകിയിരിക്കുന്നത്. പദ്ധതിയ്ക്കായി സെക്രട്ടറിയുടെ പേരിൽ പഞ്ചാബ് നാഷണൽ ബാങ്കിൽ അക്കൗണ്ട് തുടങ്ങിയിട്ടുണ്ട്. (അക്കൗണ്ട് നം. 4262000100097870) അക്കൗണ്ട് പ്രകാരം തൻവർഷം പ്ലാൻ ഫണ്ടിനത്തിൽ 5655839 രൂപയുടെയും ഗുണഭോക്തൃ വിഹിതമിനത്തിൽ 2252000 രൂപയുടെയും വരവുണ്ട്. ആകെ ചെലവ് 7440000 രൂപയുമാണ്. എന്നാൽ ഇത് കൂടാതെ ഉദ്ഘാടനത്തിനും മറ്റ് ചെലവുകൾക്കുമായി അതേ അക്കൗണ്ടിൽ

നിന്നും 15125 രൂപ ചെലവഴിച്ചിട്ടുണ്ട്. ചെലവിന്റെ വിശദാംശങ്ങൾ ചുവടെ

| ചെക്ക് നം. / തിയതി | തുക | ചെലവിന്റെ വിശദാംശങ്ങൾ |
|---|---|---|
| 608345/17.3.17 | 150 | ബാനറുകൾ സ്ഥാപിച്ചതിന് |
| 608347/17.3.17 | 2910 | ഫ്ലെക്സ്, ബാനർ എന്നിവ സ്ഥാപിക്കുന്നതിന് |
| 608344/21.3.17 | 650 | ഫോട്ടോയുള്ള ബാനർ സ്ഥാപിച്ചതിന് |
| 608346/22.3.17 | 3200 | കഫേ ശ്രീ- ഗുണഭോക്താക്കളുടെ കിടുംബ സംഗമം ഭക്ഷണ ചെലവ് |
| 608343/28.3.17 | 4400 | MSE പ്രിന്റ് ഡിജിറ്റൽ ഓഫ് സെറ്റ് |
| 608350/17.4.17 | 2665 | കഫേ ശ്രീ - ഭക്ഷണ ചെലവ് |
| 608351/19.4.17 | 450 | ബാനറുകൾ സ്ഥാപിച്ചതിന് |
| 608352/19.4.17 | 700 | ഫയലുകൾ വാങ്ങിയതിന് |
| ആകെ | 15125 | |

മേൽ പ്രകാരം മറ്റ് ചെലവുകൾക്ക് പദ്ധതി വിഹിതത്തിൽ നിന്നും തുക ചെലവഴിക്കുന്നതിന് പ്രത്യേക നിർദ്ദേശമില്ലാത്തതിനാൽ വിശദീകരണം ലഭ്യമാകുന്നതുവരെ ചെലവ് തുക തടസ്സത്തിൽ വയ്ക്കുന്നു.

## 3-12 പ്രോജക്ട് ഓഫീസർ , നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ

പ്രോജക്ട് ഓഫീസർ നടപ്പിലാക്കിയ പദ്ധതികളിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

I. ഭവന പുനരുദ്ധാരണം പട്ടികജാതി (പദ്ധതി നം. 12/17 തുക 1100000) എന്ന പദ്ധതി പ്രകാരം 44 ഗുണഭോക്താക്കൾക്കും ഭവന പുനരുദ്ധാരണം ജനറൽ (പദ്ധതി നം. 11/17 തുക 1600000) എന്ന പദ്ധതി പ്രകാരം 64 ഗുണഭോക്താക്കൾക്കുമാണ് ആനുകൂല്യം നൽകിയിരിക്കുന്നത്. ഗുണഭോക്താക്കളുടെ അപേക്ഷകളിൽ വീടിന്റെ കാലപ്പഴക്കം തെളിയിക്കുന്ന ഒരു രേഖയും സൂക്ഷിച്ചിട്ടില്ല. എൽ.എസ്.ജി.ഡി. എഞ്ചിനീയർ അളവ് എടുത്തതിനുശേഷമായിരിക്കണം സബ്സിഡി അനുവദിക്കേണ്ടത്. എന്നാൽ എൽ.എസ്.ജി.ഡി എഞ്ചിനീയറിൽ നിന്നും വാല്യുവേഷൻ സർട്ടിഫിക്കറ്റ് വാങ്ങി സൂക്ഷിക്കുന്നില്ല. പകരം പണി പൂർത്തീകരിച്ചിട്ടുണ്ട് എന്ന ഒരു ഓഫീസ് കുറിപ്പ് മാത്രമാണ് ഫയലിൽ സൂക്ഷിക്കുന്നത്. വീടുകളുടെ കാലപ്പഴക്കം, വാല്യുവേഷൻ സർട്ടിഫിക്കറ്റ് എന്നിവ കൃത്യമായി അപേക്ഷയോടൊപ്പം വാങ്ങി സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

II. ഭവന നിർമ്മാണം ജനറൽ

പ്രോജക്ട് നം. 5/17

അടങ്കൽ 4400000

ചെലവ് 4360000

(1) മാമി തൊട്ടാപ്പിൽ, റമളാൻ (2) വാസുദേവൻ തറയിൽ ഹൌസ് എന്നീ ഗുണഭോക്താക്കൾ ഒന്നാം ഗഡു 20000 രൂപ കൈപ്പറ്റി നാളിതുവരെ പണി പൂർത്തീകരിക്കുകയോ തുടർ ഗഡുക്കൾ കൈപ്പറ്റുകയോ ചെയ്തിട്ടില്ല. പണി പൂർത്തീകരിക്കാത്തപക്ഷം തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

III. ഭവന നിർമ്മാണം പട്ടികജാതി

പ്രോജക്റ്റ് നം. 5/17

അടങ്കൽ – 4400000

ചെലവ് – 4360000

സുധീഷ്, വട്ടേക്കാട്, ബേബി റോഡ്, സുഭദ്ര ഭരതൻ, കണക്കത്തറ, മണത്തല, മാധവി, W/o വേലായി, പൊലിയേടത്ത്, മണത്തല എന്നിവർ ഒന്നാം ഗഡു കൈപ്പറ്റി തുടർ ഗഡുക്കകൾ കൈപ്പറ്റുകയോ പണി പൂർത്തീകരിക്കുകയോ ചെയ്തിട്ടില്ലാത്തതാണ്. പണി പൂർത്തീകരിക്കാത്തപക്ഷം തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-13 സെക്രട്ടറി നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികളിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു

I. ഐ.കെ.എം. ന് പ്രവർത്തനഫണ്ട്- 2016-17

പ്രോജക്റ്റ് നം. 36/17

ബിൽ നം. a2/8720/16 തി. 17.11.16 തുക 181623

പദ്ധതി പ്രകാരം എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ എന്ന പേരിൽ ഡി.ഡി.നം. 387878/3.12.16 പ്രകാരം തുക കൈമാറിയിട്ടുണ്ട്. ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. ആയത് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്

II. ചാവക്കാട് നഗരസഭ ആയുർവ്വേദ ഡിസ്പെൻസറിയിലേക്ക് മരുന്നു വാങ്ങൽ

പ്രോജക്റ്റ് നം. S0026/17

ബിൽ നം. a2/8729/16 തി. 17.11.16 തുക 400000

പദ്ധതി പ്രകാരം ആയുർവേദ ഡിസ്പെൻസറിയിലേക്ക് മരുന്നുകൾ വാങ്ങുന്നതിനായി ഔഷധിയിൽ നിന്നുള്ള പ്രോഫോർമ ഇൻവോയ്സിന്റെ (ഇൻ.നം. 163/13.7.16) അടിസ്ഥാനത്തിൽ മേൽ ബിൽ പ്രകാരം തുക പിൻവലിച്ച് സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. (ഡി.ഡി.നം. 387877/3.12.16). എന്നാൽ നാളിതു വരെ 191990 രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായതായി കാണുന്നത്. മരുന്നുകൾ ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

III. സാക്ഷരതാ തുല്യതാ പഠനസഹായം

പ്രോജക്റ്റ് നം. 27/17

ബിൽ നം. G5/8730/16 തി. 22.2.17 തുക 18750

പത്താം തരം തുല്യതാ പരീക്ഷ എഴുതുന്ന 25 പഠിതാക്കൾക്കുള്ള ഫീസാണ് ഡയറക്ടർ, കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിയുടെ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുള്ളത്. ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. ആയത് ഹാജരാക്കേണ്ടതാണ്.

IV. വിവിധ വാർഡുകളിൽ കുടിവെള്ള പൈപ്പ് ലൈൻ വലിക്കൽ

പ്രോജക്റ്റ് നം. 157/17

ബിൽ നം. E3/11250/16 തി. 22.2.17 തുക 611000

E3/11250/16തി. 13.3.17 തുക 56500

ആകെ - 667500

നഗരസഭയിലെ വിവിധ വാർഡുകളിൽ കുടിവെള്ള പൈപ്പ് ലൈൻ നീട്ടുന്നതിന് എക്സി. എഞ്ചിനീയർ, പി.എച്ച്. ഡിവിഷൻ തൃശ്ശൂരിന്റെ എസ്.ബി.ടി അക്കൗണ്ടിലേക്ക് മേൽ ബില്ലുകൾ പ്രകാരം തുക പിൻവലിച്ച് ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. പദ്ധതി പൂർത്തീകരിച്ച് പൂർത്തീകരണ സാക്ഷ്യപത്രം, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. രേഖകൾ ഹാജരാക്കുന്നതുവരെ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

V. വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ, സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ

പ്രോജക്റ്റ് നം. 155/17

ബിൽ നം. E3/6973/16 തി. 22.2.17 തുക 273058

E3/6973/16 തി. 25.3.17 തുക 299131

E3/6973/16 തി. 25.3.17 തുക 86951

E3/6973/16 തി. 30.3.17 തുക 139991

ആകെ - 799131

പദ്ധതി നടത്തിപ്പിനായി എ.ഇ., ഇലക്ട്രിക്കൽ സെക്ഷൻ, ബീച്ച് ചാവക്കാടിന്റെ പേരിലുള്ള എസ്.ബി.ടി ചാവക്കാട് അക്കൗണ്ടിൽ 67512 രൂപയും എക്സി. എഞ്ചിനീയർ കെ.എസ്.ഇ.ബി. കുന്ദംകുളത്തിന്റെ അക്കൗണ്ടിലേക്ക് 731619 രൂപയും ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. പദ്ധതി പൂർത്തീകരിച്ച് പൂർത്തീകരണ സാക്ഷ്യപത്രം, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. രേഖകൾ ഹാജരാക്കുന്നതുവരെ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 3-14 സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസിനായി ഇലക്ട്രിക്കൽ സാമഗ്രികൾ വാങ്ങിയത് - അപാകതകൾ

സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസിനായി ഇലക്ട്രിക്കൽ സാമഗ്രികൾ വാങ്ങിയത്
പ്രൊജ.നം - SO 163/2017

പദ്ധതി അടങ്കൽ - 900000

നിർവ്വ.ഉദ്യോഗസ്ഥൻ - അസി.എക്സി.എഞ്ചിനീയർ

- 875572/- രൂപയ്ക്ക് ഇലക്ട്രോമെറ്റ് ട്രേഡിംഗ് കമ്പനി, ആലുവ എന്ന സ്ഥാപനത്തിൽ നിന്ന് ഇലക്ട്രിക്കൽ സാമഗ്രികൾ വാങ്ങിയതിൽ 5% പെർഫോമൻസ് ഗ്യാരണ്ടിയായി 43778.6 രൂപ നൽകേണ്ടതിനു പകരം 25000/- ആണ് 1 വർഷത്തേക്ക് 6.9.% interest ൽ ഡെപ്പോസിറ്റ് ചെയ്തിട്ടുള്ളത്.
- ഇലക്ട്രിക്കൽ സാമഗ്രികൾ വാങ്ങിയത് സ്റ്റോക്കിലെടുത്തതിനൊപ്പം രജിസ്റ്ററിൽ പെർഫോമൻസ് ഗ്യാരണ്ടി വിവരം ചേർത്തിട്ടില്ല. സ.ഉ (സാധാ)നം. 2238/2016 തസ്വഭവ തീയതി 25.7.2016 ഉത്തരവു പ്രകാരം സ്റ്റോക്ക് രജിസ്റ്ററിൽ വാങ്ങിയ സാധനങ്ങളുടെ വിവരം രേഖപ്പെടുത്തുന്നതിനോടൊപ്പം പെർഫോമൻസ് ഗ്യാരണ്ടി വിവരവും ചേർക്കേണ്ടതാണ്.
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ സ.ഉ.(പി) 259/2010 ത.സ്വ.ഭ.വ. തി. 8-11-2010 പ്രകാരം ₹ 1,00,000/- യിൽ അധികരിക്കുന്ന വാങ്ങലുകൾക്ക് ദേശ വ്യാപകമായി പ്രചാരമുള്ള ഒരു ഇംഗ്ലീഷ് പത്രത്തിലും ഒരു മലയാള ദിനപത്രത്തിലും പരസ്യം നൽകേണ്ടതുണ്ട്. എന്നാൽ 900000/- ന് ഇ ടെണ്ടർ വിളിച്ച ഈ പദ്ധതിക്ക് ഒരു മലയാളം പത്രത്തിലേ പരസ്യം നൽകിയിട്ടുള്ളൂ (ദേശാഭിമാനി വിൻഡോ - 16.1.2017) ഈ സാഹര്യത്തിൽ വേണ്ടത്ര ടെണ്ടറുകൾ മുനിസിപ്പാലിറ്റിക്ക ലഭ്യമായിട്ടില്ലായെന്ന് വ്യക്തമാണ്. കാരണം ഇലക്ട്രോമെറ്റ് ട്രേഡിംഗ് കമ്പനി, ആലുവ എന്ന സ്ഥാപനം മാത്രമാണ് ടെണ്ടർ (5.2.2017), റീ-ടെണ്ടർ(9.2.2017) നു ബിഡ് ഇ-സബ്മിറ്റ് ചെയ്യാനുണ്ടായിരുന്നുള്ളൂ. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-15 ദർഘാസിൽ വാറ്റ് ഉൾപ്പെടെ ക്വാട്ട് ചെയ്ത ഇനത്തിന് ബില്ലിൽ ടാകസ് ഉൾപ്പെടുത്തി. സ്ഥാപനത്തിന് നഷ്ടം- 13739രൂപ.

നിർവ്വഹണ ഉദ്യോഗസ്ഥൻ – അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ

പ്രോജക്ട് - പട്ടികജാതി സങ്കേതങ്ങളിലേക്ക് സ്ട്രീറ്റ് മെയിൻ വലിക്കൽ/
തെരുവ് വിളക്ക് സ്ഥാപിക്കൽ (61/17)

അടങ്കൽ 10ലക്ഷം

ചെലവ്: 911799/-

മേൽ പ്രോജക്ടിനുവേണ്ടി 115919/- രൂപയുടെ സാമഗ്രികൾ ആലുവായിലെ electromet trading company ൽനിന്ന് വാങ്ങി. 7/3/17 ലെ ദർഘാസ് സമർപ്പണത്തിൽ വാറ്റ് ഉൾപ്പെടെ എന്ന് ക്വാട്ട് ചെയ്ത ഇനങ്ങൾക്ക് 29/3/17ലെ E233, E234 എന്നീ ഇൻവോയ്സിൽ ടാക്സ് ഉൾപ്പെടുത്തി തുക കൈപറ്റി. വിശദ വിവരം താഴെ കൊടുക്കുന്നു.

| ഇനം | ടാക്സ് | എണ്ണം | നിരക്ക് | നൽകേണ്ടത് | നികുതി | നൽകിയത് | അധികം |
|---|---|---|---|---|---|---|---|
| ഫിറ്റിംഗ് മെറ്റീരിയൽ | 5% | 52 | 218 | 11336 | 566.80 | 11902.80 | 566.80 |
| ഡബിൾ ട്യൂബ് സെറ്റ് | 14.5% | 52 | 1747 | 90844 | 13172.38 | 104016.38 | 13172.38 |
| | | | | | | ആകെ | 13739.18 |

മേൽ തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| PWD ഇലക്ട്രിക്കൽ വിഭാഗം, തൃശ്ശൂർ | മുനിസിപ്പൽ ഓഫീസ് കെട്ടിടത്തിന്റെ വൈദ്യുതീകരണം | 72/29.3.17 | 2832150 | -- | 2832150 |
| കേരള വാട്ടർ അതോറിറ്റി | വിവിധ വാർഡുകളിൽ കുടിവെള്ള പൈപ്പ് ലൈൻ വലിക്കൽ | E3/11250/16 dt. 22.02.17<br>E3/11250/16 dt. 13.03.17 | 611000<br>56500 | - | 611000<br>56500 |
| കെ.എസ്.ഇ.ബി. | വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ, സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ, സ്ട്രീറ്റ് മെയിൻ വലിക്കൽ, പോസ്റ്റ് സ്ഥാപിക്കൽ | E3/6973/16 dt.22.02.17<br>E3/6973/16 dt. 25.03.17<br>E3/6973/16 dt. 25.03.17<br>E3/6973/16 dt. 30.03.17 | 273058<br>299131<br>86951<br>139991 | - | 273058<br>299131<br>86951<br>139991 |

## 4-3. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

# 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം നഗരസഭയ്ക്ക് വായ്പയിനത്തിൽ വരവില്ല.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| IDSMT | ജി.ഒ.(ആർ.ടി) 4658/95/LAD dtd-4/8/95 | 20,00,000 | 1244638 | 295000 | - | 949638 |

വാർഷിക കണക്ക് B/S ഷെഡ്യൂൾ B-6 പ്രകാരം തിരിച്ചടക്കാൻ ബാക്കിയുള്ള തുക 1443790 രൂപയാണ്. ലോൺ രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. മുൻവർഷത്തെ റിപ്പോർട്ട് പ്രകാരം തിരിച്ചടക്കാൻ ബാക്കി നിൽക്കുന്ന തുകയിൽ നിന്നും തൻവർഷം അടച്ച തുക കുറവ് ചെയ്തുള്ള തുകയാണ് ഖണ്ഡികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. മുൻവർഷം റിപ്പോർട്ടിൽ പരാമർശിച്ച അപാകതയും പരിഹരിച്ചിട്ടില്ല.

# 4-5. സ്ഥിരനിക്ഷേപങ്ങൾ

വാർഷിക കണക്ക്, ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-12 പ്രകാരം സ്ഥിരനിക്ഷേപം 2294875 രൂപയാണ് കാണിച്ചിട്ടുള്ളത്. ആയത് പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

# 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

# 4-7 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 155497545 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 156647293 |
| വരവിനങ്ങളിലുള്ള നഷ്ടം | -- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | -- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3081756 |

ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

(സി)ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-8 | 100000 | ഡോ. പി.ഡി. ചന്ദ്രശേഖരൻ, സീനിയർ വെറ്ററിനറി സർജൻ |
| 3-11 | 15125 | ശ്രീ.എം.കെ.ഗിരീഷ് സെക്രട്ടറി |
| 3-9 | 1500000 | ശ്രീമതി. മറിയക്കുട്ടി, പ്രിൻസിപ്പാൾ, ജി.എച്ച്.എസ്., മണത്തല |
| 3-13(4) | 667500 | ശ്രീ.എം.കെ.ഗിരീഷ് സെക്രട്ടറി |
| 3-13(5) | 799131 | ശ്രീ.എം.കെ.ഗിരീഷ് സെക്രട്ടറി |
| ആകെ | 3081756 | |

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

## 4-8. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1961-62 | എൽ.എഫ്,ടി.4-653/87 തി.20.04.87 | 5 |
| 64-65 | എൽ.എഫ്.ടി.4-4451/77 തി.03.09.77 | 15 |
| 65-66 | എൽ.എഫ്.ടി.4-4451/77 തി.30.09.77 | 7 |
| 66-67 | എൽ.എഫ്.ടി.4-4451/77 തി.03.09.77 | 6 |

| | | |
|---|---|---|
| 73-74 | എൽ.എഫ്.ടി.4-657/87 തി.20.04.87 | 13 |
| 74-75 | എൽ.എഫ്.ടി.4-417/88 തി.10.03.88 | 20 |
| 75-76 | എൽ.എഫ്.ടി.4-656/87 തി.20.04.87 | 21 |
| 76-77 | എൽ.എഫ്.ടി.2(സി)1249/77 തി.05.08.79 | 38 |
| 77-78 | എൽ.എഫ്.ടി.4-417/88 തി.10.03.88 | 19 |
| 78-79 | എൽ.എഫ്.ടി.4-718/87 തി.25.04.87 | 77 |
| 79-80 | എൽ.എഫ്.ടി.4-719/87 തി.25.04.87 | 8 |
| 80-81 | എൽ.എഫ്.ടി.4-2548/88 തി.28.06.88 | 11 |
| 81-82 | എൽ.എഫ്.ടി.4-240/91 തി.03.04.91 | 56 |
| 82-83 | എൽ.എഫ്.Office of the Joint Director ofടി.4-1954/88 തി.12.05.89 | 60 |
| 83-84 | എൽ.എഫ്.ടി.4-683/90 തി.06.08.90 | 55 |
| 84-85 | എൽ.എഫ്.ടി.4-1236/93 തി.10.11.93 | 31 |
| 85-86 | എൽ.എഫ്.ടി.4-45/93 തി.12.11.93 | 59 |
| 86-87 | എൽ.എഫ്.ടി.4-627/94 തി.17.11.95 | |
| 87-88&88-89 | എൽ.എഫ്.ടി.4-1906/95 തി.25.05.96 | |
| 89-90,90-91&91-92 | എൽ.എഫ്.ടി.4-638/96 തി.30.11.96 | |
| 92-93 | എൽ.എഫ്.ടി.4-7/97 തി.15.12.97 | |
| 93-94 | എൽ.എഫ്.ടി.4-1304/05 തി.23.11.05 | |
| 1996-97 (ചെലവ്) | എൽ.എഫ്.ടി.4-461/98 തി.23.11.05 | |
| 97-98 | എൽ.എഫ്.ടി.4-1283/99 തി.15.05.2000 | |
| 98-99 | എൽ.എഫ്.ടി.4-1251/01 തി.01.01.05 | |
| 99-00 | എൽ.എഫ്.ടി.4-245/04 തി.17.01.06 | |
| 2000-01 | എൽ.എഫ്.ടി.4-250/05 തി.16.06.2005 | |
| 94-95,95-96 (വരവു ചെലവ്) | എൽ.എഫ്.ടി.4-1495/08 തി.21.12.09 | |

| | | |
|---|---|---|
| 96-97 | എൽ.എഫ്.ടി.4-1496/08<br>തി.21.12.09 | |
| 97-98 | എൽ.എഫ്.ടി.4-1497/08<br>തി.21.12.09 | |
| 98-99 | എൽ.എഫ്.ടി.4-1498/08<br>തി.21.12.09 | |
| 99-00 | എൽ.എഫ്.ടി.4-1499/08<br>തി.21.12.09 | |
| 00-01(വരവ്) | എൽ.എഫ്.ടി.4-1500/08<br>തി.21.12.09/15.03.2010 | |
| 2001-02<br>(ചെലവ്) | എൽ.എഫ്.ടി.4-1331/05<br>തി.17.01.06/29.05.06 | |
| 2002-03 (വരവ് | എൽ.എഫ്.ടി.4-695/09 തി.28.08.10 | |
| 2003-04<br>(വരവ് ചെലവ്) | എൽ.എഫ്.ടി.4-696/09<br>തി.04.09.2010 | |
| 04-05 | എൽ.എഫ്.ടി.4-697/09 തി.06.04.10 | |
| 05-06 | എൽ.എഫ്.ടി.എം.-348/11<br>തി.02.11.11 | |
| 06-07 | എൽ.എഫ്.ടി.4-349/11 തി.02.11.11 | |
| 07-08 | എൽ.എഫ്.ടി.(എം)2599/11<br>തി.23.01.12 | |
| 08-09 | എൽ.എഫ്.ടി.(എം)2600/11<br>തി.23.01.12 | |
| 09-10 | എൽ.എഫ്.ടി.(എം) 110/12<br>തി.28.05.12/17.7.12 | |
| 10-11(ചെലവ്) | എൽ.എഫ്.ടി.(എം) 111/12<br>തി.28.05.12/07.07.12 | |
| 11-12 | എൽ.എഫ്.ടി.എം.-26/2013<br>തി.10.04.2013/16.08.2013 | |
| 12-13 | എൽ.എഫ്.ടി.(എം.)794/14<br>തീ. 01.10.2014/09.12.2014 | |
| 13-14 | കെ.എസ്.എ.ടി.എസ്.ആർ.എം-<br>1417/15/17.11.15/14.12.15 | |
| 14-15 | കെ.എസ്.എ.ടി.എസ്.ആർ(എം)<br>1438/16, തി. 08.08.2016 | |
| 15-16 | കെ.എസ്.എ.ടി.എസ്.ആർ(എം)<br>118/17, തി. 31.1.17 / 13.2.17 | |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

# അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.ടി.എസ്.ആർ (എം)1753 /2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ- 680 020

Ph.No. 0487-2331249

e-mail : dotsr.ksad@kerala.gov.in
തിയ്യതി : 19.12.2017

1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് , 1994- ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 295(4)-ാം വകുപ്പ് ബന്ധപ്പെട്ട ചട്ടങ്ങൾ ഇവ അനുസരിച്ചും, നഗരപാലികാസ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ ചാവക്കാട് നഗരസഭയുടെ 31.03.2017ൽ അവസാനിച്ച വർഷത്തെ ധനകാര്യ സ്റ്റേറ്റുമെന്റിന്റെ ഓഡിറ്റ് നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ചാവക്കാട് നഗരസഭയുടെ 2016-17 വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ.

No.KSA-TSR(M)1753/2017

Kerala State Audit Department,

District Audit Office,
Thrissur - 680 020

Ph.No. 0487-2331249

e-mail : dotsr.ksad@kerala.gov.in

Dated:19.12.2017

## AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Chavakkad Muncipality in Thrissur District for the year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 295(4) of Kerala Municipality Act 1994, the Rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Muncipalities.

In my opinion, the Financial Statements of Chavakkad Muncipality for the year 2016-17, except the observations in my Audit Report properly presents the picture of income and expenditure.

Joint Director

District Audit Office,

Thrissur.